# മാർത്തോമ്മാ യുവജനസഖ്യം

## യുവജനഞായർ പ്രസംഗക്കുറിപ്പ്

### 2011 ഒക്ടോബർ 16

### ക്രിസ്താനുഗമനം: മുൻഗണനകളുടെ പുന:ക്രമീകരണം

**മർക്കൊസ് 10 : 17**

ക്രിസ്താനുഭവം ശേഖരണത്തിലൂടെ സ്വന്തമാവുന്നതല്ല. പകരം പങ്കിടുന്നതിലൂടെയും പിൻതുടരുന്നതിലൂടെയും അനുഭവമാവുന്നതാണ്. രൂപപ്പെടുന്നതിനേക്കാൾ ഏറെ രൂപാന്തരപ്പെടുന്നതിലൂടെ ഉൾപ്രവേശിക്കുന്ന ആരാധനയുടെ അനുഭവമാണത്. ഏതു കാലത്തെയും ശക്തമായി വെല്ലുവിളിച്ച ആർജ്ജനത്വരയും കൂട്ടിവയ്ക്കലും ഇന്നും സാമൂഹ്യ വ്യവസ്ഥിതിയെ തകിടം മറിക്കുന്നു. പങ്കിടപ്പെടേണ്ടവ, പങ്കിടാതെ സ്വയമായി അനുഭവിക്കുന്നതിനുള്ള വ്യഗ്രത. ഏതും എന്തും ഏതുവിധേനയും ശേഖരങ്ങളുടെ ഭാഗമാക്കുവാനുള്ള പോരാട്ടങ്ങളിൽ സ്വന്തമായിരിക്കേണ്ടതിനെ വിസ്മരിച്ചും, പങ്കിടേണ്ടതിനെ പങ്കിടാതെയും, മനപ്പൂർവ്വം സൃഷ്ടിക്കുന്ന ചുവരുകൾക്കുള്ളിലെ ഇടങ്ങളിൽ ജീവിതം തുടരുന്നു. ധനം കൊണ്ടും, അധികാരംകൊണ്ടും, സ്വാധീനം കൊണ്ടും എന്തും നേടാമെന്ന അഹന്ത ആത്മീയതയും അപ്രകാരം നേടാവുന്ന കമ്പോള ചരക്കായി കാണാൻ പ്രേരിപ്പിക്കുന്നു. പുതിയത് (ആർക്കും ഇതുവരെയും സ്വന്തമല്ലാത്തത്) കണ്ടെത്തുക, നേടുക, അനുഭവിക്കുക; ഒന്നിനും കുറവു വരാതിരിക്കാൻ വേണ്ടതിൽ അധികം ശേഖരിക്കുക; ഇതെല്ലാം ഇന്നിന്റെ ശൈലിയായിരിക്കുന്നു.

മർക്കൊസിന്റെ സുവിശേഷം 10–ാം അദ്ധ്യായം 17 മുതലുള്ള വാക്യങ്ങൾ ക്രിസ്തുവിനെ തേടുന്ന ഒരു യുവാവിനെയാണ് കാണുന്നത്. പേര് സുവിശേഷ ലേഖകർ നൽകുന്നില്ല എങ്കിലും അവന്റെ പശ്ചാത്തലത്തെപ്പറ്റി ശക്തമായൊരു വിവരണം സമാന്തര സുവിശേഷങ്ങളിൽ നിന്നും കണ്ടെത്താനാവും. യേശുവിനെ തേടി വന്നവൻ സമൂഹത്തിൽ ഏറെ സ്വാധീനമുള്ളവനാണ് (man with privilage). വളരെ സമ്പത്ത് യൗവനത്തിൽ തന്നെ (മത്തായി 19:22) സ്വന്തമായുള്ളവൻ. സമൂഹത്തിൽ നല്ല സ്ഥാനമുള്ളവൻ (man with position), ഒരു പ്രമാണി (ലൂക്കൊ. 18:18). അവന്റെ ധനവും സ്വാധീനവും അവനെ സമൂഹത്തിൽ ശ്രേഷ്ഠതയുള്ള നേതാവാക്കി മാറ്റി. മൂന്നാമതായി അവൻ പ്രശസ്തിയുള്ളവൻ (man with prestige) . അവന്റെ അംഗീകാരം വർദ്ധിച്ചു. എല്ലാം സ്വന്തമായുള്ളവൻ പുതുതായി ഒന്നുകൂടെ നേടാനാഗ്രഹിക്കുന്നു; മറ്റൊന്നു കൂടെ സ്വന്തമാക്കുക; തന്റെ അധികാര പരിധി വർദ്ധിപ്പിക്കുക; ഇതാണ് ലക്ഷ്യം ശാശ്വതമായ ഒരു ജീവൻ – ഇവിടെ അവസാനിക്കാത്ത നിത്യജീവൻ – അതിനായി ഞാൻ എന്തു ചെയ്യണം ?

യേശു പറയുന്നു; ദൈവം എന്ന അറിവിനപ്പുറം, ദൈവം മാത്രമാണ് നല്ലവൻ എന്ന തിരിച്ചറിവുണ്ടാവുക. അറിവ് സമൃദ്ധമാവുന്ന ലോകത്ത് തിരിച്ചറിവ് സ്വന്തമാവുകയാണ് പ്രധാനം. രണ്ടാമതായി ഉണ്ടാകേണ്ടത് പാലിക്കേണ്ടവയെപ്പറ്റിയുള്ള അവബോധമാണ്. അതാണ് അറിവ്–എന്തിലേക്ക് ചുവടു വയ്ക്കണമെന്നും എന്തിലേക്കരുതെന്നും; കല്പനകളെ അറിയുക. മൂന്നാമതായി അറിവ് കർണ്ണങ്ങളിലല്ല, കർമ്മങ്ങളിൽ പതിക്കണം; " നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്ക: എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും", നിന്റെ ശേഖരങ്ങളെ (possesion)പങ്കിടുക. ശേഖരങ്ങളെ പങ്കിടുന്നവന് ക്രിസ്തുവിന് പിന്നിലാണിടം; പങ്കിടുന്നവന്, കല്പനകളെ കർമ്മമാക്കുന്നവന് അവനാണിടം. പിന്നെ യേശുവിനെ അനുഗമിക്കാതിരിക്കാനാവില്ല. സമ്പത്തിന്റെ ഏറിയ ശേഖരം സ്വന്തമായുള്ളവന് നിത്യജീവനെ നേടുവാനായി ക്രിസ്തു നൽകുന്ന നിർദ്ദേശങ്ങളെ സ്വീകരിപ്പാൻ കഴിയുന്നില്ല. ദൈവവചനത്തെ കർമ്മമാക്കുവാൻ കഴിയാത്തവൻ വിഷാദിച്ച് ദു:ഖിതനായി മടങ്ങുന്നു. എന്താണ് ക്രിസ്താനുഗമനത്തിൽ നിന്നും ധനികനായ യുവാവിനെ പിന്തിരിപ്പിക്കുന്നത് ?

**1. ശേഖരങ്ങളുടെ മിതെ ദൈവത്തെ പ്രതിഷ്ഠിക്കാനാവുന്നില്ല**

*(Young man could not place God beyond his possesions)*

സമ്പത്ത് അതിൽ തന്നെ പാപമല്ല. എന്നാൽ അളവില്ലാത്ത സമ്പത്ത് എത്തിച്ചേർന്ന വഴികൾ ശാപഗ്രസ്തമാവാൻ പാടില്ല. പങ്കിടാൻ ഏല്പിച്ചത് ശേഖരമായി മാറി എങ്കിൽ അത് അവിശ്വസ്തതയാണ്. ദൈവീക നിയോഗങ്ങളിൽ നിന്നുമുള്ള പിന്മാറ്റം. അതല്ല, അർഹമായതാണെങ്കിൽ തന്നെയും അതിനു പിന്നിൽ നിൽക്കുന്ന ദൈവത്തെ തിരിച്ചറിയാനാവണം. ഭൗതീക നന്മകൾ ദൈവസാന്നിദ്ധ്യത്തെ വിസ്മൃതമാക്കരുത്.

ധനികനായ യുവാവിന് കൂടുതൽ ശേഖരമാണ് ലക്ഷ്യം. നിത്യജീവൻ അവകാശമായി (inherit)വേണം. സമ്പത്തും ധനവും കൈയ്യാളുന്നവന് ഒന്നു കൂടെ, മറ്റൊന്നു കൂടെ, എന്നവണ്ണം ആഗ്രഹങ്ങൾ വർദ്ധിക്കുന്നു. എന്നാൽ തന്റെ ധനശേഖരണ ശൈലിയിൽ നിലനിന്നുകൊണ്ട്, തന്റെ ശേഖരങ്ങൾ ഒന്നും നഷ്ടപ്പെടാതെ മറ്റൊന്നുകൂടെ നേടി, തന്റെ ശേഖരണങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുവാൻ അയാൾ ശ്രമിക്കുന്നു. ഒന്നും അയാൾക്ക് പ്രാധാന്യം കുറഞ്ഞതല്ല. എന്നാൽ ഏത് നേട്ടങ്ങൾക്കും മീതെ; ഏത് അദ്ധ്വാനത്തിനും മീതെ ദൈവത്തെ പ്രതിഷ്ഠിക്കാനാവുന്നില്ല. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത് (പുറ. 20:3). നിത്യജീവനെ സ്വന്തമാക്കാനാഗ്രഹിക്കുന്നവന് ദൈവത്തേക്കാൾ പ്രാധാന്യമുള്ളതായി ഒന്നും ഉണ്ടാവാൻ പാടില്ല. ധനസമ്പാദന മാർഗ്ഗങ്ങൾക്കുള്ള എളുപ്പവഴിയോ, അളവില്ലാത്ത ശേഖരങ്ങളുടെ പങ്കാളിയോ, കാവലാളോ അല്ല ദൈവം. അളവില്ലാത്ത ഏതു ശേഖരത്തിനും മീതെ പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും ആത്മാവുകൊണ്ടും ആരാധിക്കപ്പെടേണ്ടവനാണവൻ. അളവില്ലാത്ത ശേഖരത്തിനു മീതെ ദൈവത്തെ പ്രതിഷ്ഠിക്കാനാവാത്തവന് ക്രിസ്താനുഗമനം സാദ്ധ്യമല്ല.

**2. വലിയ ശേഖരങ്ങളെ നേടുവാൻ നിലവിലുള്ളതിനെ പകരം നൽകാനാവുന്നില്ല.**

*(Young man could not exchange his possessions for a greater possession)*

കൈവശമുള്ളത് പകരം നൽകുമ്പോഴാണ് അതിലും മെച്ചമായത് നേടാനാവുന്നത്. കൈവശമുള്ളതിന്റെ മൂല്യം (Value) വും ഇനി നേടാനുള്ളതിന്റെ മൂല്യവും തിരിച്ചറിയാനാവുമ്പോഴാണ് അത് സാദ്ധ്യമാവുക. എന്താണ് നേടാനുള്ളത് എന്ന വ്യക്തമായ അവബോധമാണുള്ളത്.

ധനികനായ യുവാവ് യേശുവിനെ തേടി വരുന്നത് തന്റെ നിലവിലുള്ള സമ്പാദ്യങ്ങളോടുകൂടെ ഒന്നുകൂടെ ചേർക്കാനായി മാത്രമാണ്. താൻ കണ്ടെത്തിയതും സ്വന്തമാക്കിയതുമായ നേട്ടങ്ങളിൽ ഏറെ പ്രാധാന്യമുള്ളത് ഇനി ലഭിക്കാനുള്ളതാണ് എന്ന തിരിച്ചറിവ് ഉണ്ടാകുന്നില്ല. അതു മാത്രമല്ല ഇതുവരെ നേടിയതിനും സ്വന്തമാക്കിയതിനും അപ്പുറം ഒരു വിലയും ഇനി നേടാനാഗ്രഹിക്കുന്നതിൽ കാണുന്നില്ല. അതിനാൽ ഇതുവരെയുള്ള നേട്ടങ്ങളെ പകരം നൽകുവാനവന് ആകുന്നില്ല.

കൂട്ടിവച്ചിരിക്കുന്ന ധനത്തേക്കാളും സമ്പത്തിനേക്കാളും മാനത്തെക്കാളും മൂല്യമുള്ളതായി ദൈവരാജ്യത്തെയും ദൈവരാജ്യപ്രവർത്തനങ്ങളെയും കാണാനാവുമ്പോഴാണ് അതിനായി തന്റെ ശേഖരങ്ങളെ കൈമാറ്റം ചെയ്യാനാവുന്നത്. ഇന്നത്തെ ഉപഭോഗ സംസ്കാരത്തിൽ കാണുന്നതെല്ലാം വാങ്ങുക എന്നല്ല, വാങ്ങേണ്ടതു മാത്രം കാണുകയും വാങ്ങി സ്വന്തമാക്കേണ്ടതിനായി കൈവശമുള്ളതിനെ കൈമാറ്റം ചെയ്യാനുമാവണം.

**3. നിത്യജീവന്റെ അനുഭവത്തിനായി തന്റെ ശേഖരങ്ങളെ പങ്കിടാനാവുന്നില്ല**

*(Young man could not share his possessions for eternal life)*

ധനം ശേഖരിക്കപ്പെടുന്നത് അത് പങ്കിടാത്തനിനാലാണ്. പങ്കിടാതെ കൂട്ടിവയ്ക്കപ്പെടുന്ന സമ്പത്ത്, ഒരുവന്റെ ഒരു നേരത്തെ ഭക്ഷണത്തിന് ഉതകേണ്ടതോ, നഗ്നത മറയ്ക്കേണ്ടതോ; തണൽ ഏകേണ്ടതോ ആയിരുന്നതാണ്. നിത്യജീവന്റെ അനുഭവം ദൈവവുമായുള്ള ഒരുവന്റെ ബന്ധത്തിലൂടെ മാത്രം സ്വാർത്ഥകമാവുന്നതല്ല; അപരനുമായുള്ള ബന്ധം ശക്തമായി, അവനോടൊപ്പം ദൈവത്തിങ്കലേക്ക് പ്രവേശിക്കുമ്പോൾ യാഥാർത്ഥ്യമാവുന്ന ഒന്നാണ്. അപരന്റെ നന്മയ്ക്കും ജീവനത്തിനും ഉതകുന്ന ജീവിതശൈലി സ്വന്തമാക്കുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. സ്വയകേന്ദ്രീകൃത ജീവിതശൈലി ദൈവീകമല്ല.

യൗവ്വനക്കാരൻ ധനവാനായിരിക്കുന്നു എന്നാൽ കുറഞ്ഞകാലയളവിനുള്ളൽ പെട്ടെന്നു നേടി എടുത്തു എന്നോ; തലമുറകളായി എല്ലാം സ്വന്തമാക്കി വച്ചുവരുന്നു എന്നോ മനസ്സിലാക്കാം. തലമുറകളായി ഒരു സമൂഹത്തിന്റെ വളർച്ചയ്ക്കും നന്മയ്ക്കും ഉതകേണ്ടത് വിഭവങ്ങളെ പങ്കിടാതെ സ്വന്തമാക്കി വച്ചവൻ. കൂട്ടിവച്ചത് പങ്കിടാതിരുന്നത് അവനെ ധനവാനും അയൽക്കാരനെ ദരിദ്രനും ആശ്രയിയും ആക്കി. എന്നാൽ ദൈവം അവനോടും ആവശ്യപ്പെടുന്നത് ദൈവത്തോട് ചേരുന്നതിനുമുമ്പെ, നിന്റെ സഹോദരനോടും നിന്റെ അയൽക്കാരനോട് - ജീവിത നന്മകൾ നീ മൂലം നിഷേധിക്കപ്പെട്ട നിന്റെ സഹയാത്രികനാകേണ്ടവനോട്-ചേർന്നു നിൽക്ക എന്നാണ്. ദൈവ രാജ്യത്തോടും നിത്യജീവനോടും അടുത്തു വരാൻ തടസ്സം നിന്റെ അളവില്ലാത്ത സമ്പത്തല്ല; പങ്കിടാതെ ശേഖരിച്ച സമ്പത്തുമൂലം ദരിദ്രനായ നിന്റെ അയൽക്കാരനാണ്. അതിനാൽ അവനിലേക്ക് മടങ്ങിക്കൊണ്ട് ദൈവത്തോടും അടുക്കുക.

**3. ഇപ്പോഴുള്ള ശേഖരങ്ങളെ ഉപേക്ഷിച്ച് ക്രിസ്തുവിലൂടെ പുതുതായെല്ലാം നേടാനാവുന്നില്ല**

*(Young man could not sell his present possessions and start afresh with Jesus)*

ധനത്തിനോടും സമ്പത്തിനോടുമുള്ള അമിതമായ മമത എന്നും ദൈവത്തിനു കീഴ്പെടുന്നതിനു തടസ്സമാണ്. താത്ക്കാലികവും തൃപ്തി പകരാത്തതുമായ ഭൗതീകസമ്പത്തിനോടുള്ള ബന്ധം മനുഷ്യനു ഏകാന്തതയും ശൂന്യതയും നൽകുന്നു. വിലയില്ലാത്ത ലക്ഷ്യങ്ങളിലും ലൗകീക മോടിയിലും മുങ്ങുന്ന മനുഷ്യൻ ലോകത്തിന്റെ വഞ്ചനയിൽ അകപ്പെട്ട് തകർന്നു പോകുന്നു.

ധനികനായ യുവാവ് ലോക നന്മകളോട്, അതിന്റെ പ്രവണതളോട്, അതു നൽകുന്ന തൃപ്തിയോടും ലക്ഷ്യത്തോടും സമരസപ്പെടുന്നവനാണ്. എന്നാൽ അത് അവന് ശ്വാശ്വതമായ ശാന്തിയെ നൽകാനാവുന്നില്ല എന്നു മനസ്സിലാക്കുന്നവൻ ദൈവത്തിങ്കലേക്ക്, ദൈവീക അവകാശത്തിലേക്ക് പ്രവേശിപ്പാൻ ആഗ്രഹിക്കുന്നു. അതിനു നൽകേണ്ട വില നിനക്കു സുഖം പകരുന്ന മമതയുടെ ശേഖരങ്ങളെ വിറ്റു കളയുകയാണ്. വിൽക്കുക, എന്നാൽ ഉടമസ്ഥാവകാശം കൈമാറുക എന്നർത്ഥം. ഇന്നുവരെ നീ ഉടമസ്ഥനായിരുന്നതും നിനക്ക് തൃപ്തി പകരാതിരുന്നതുമായ സമ്പത്തിനെ ഉപേക്ഷിക്കുക. ദൈവത്തോട് പൊരുത്തപ്പെട്ട്, ദൈവ നിർദ്ദേശങ്ങൾക്ക് കീഴ്പ്പെട്ട് പുതിയ ശേഖരങ്ങൾക്കുടമയാക. ഭൗതീക നന്മകളല്ല നിന്നെ ശ്രേഷ്ഠനാക്കുന്നത് ദൈവീക ദാനങ്ങളാണ്. അതിലെ പങ്കാളിത്തമാണ്. ദൈവസന്നിധിയിൽ വിനയപ്പെട്ട് മനസ്സിലേക്കും ദൈവത്തെ പ്രവേശിപ്പാനാവുമ്പോൾ, ദൈവീക പദ്ധതിയിൽ പങ്കാളിയാവുന്നു.

പങ്കിടാത്ത ശേഖരവും കൂട്ടിവച്ച സമ്പത്തും ആരെയും ദൈവത്തിങ്കലേക്കു പ്രവേശിപ്പിക്കയില്ല. ശിഷ്യത്വത്തിന്റെ ശ്രേഷ്ഠത പങ്കിടാൻ ഒരുക്കമുള്ള ഒരു മനസ്സാണ്. സമ്പത്തിന്റെയും സമയത്തിന്റെയും താലന്തിന്റെയും ഉത്തരവാദിത്തമുള്ള കാര്യവിചാരകരായിരിപ്പാനായിട്ടാണ് ഓരോരുത്തരും നിയോഗിക്കപ്പെട്ടിരിക്കുന്നത്. നിഷേധിക്കേണ്ടതിനെ നിഷേധിപ്പാനും വില നൽകേണ്ടതിനു വില നൽകാനുമാകുമ്പോൾ നിത്യജീവന് അവകാശിയാകാനാവുന്നു.

സുവിശേഷം ധനത്തെ സംബന്ധിച്ചല്ല; ഭാരവാഹിത്വത്തെ സംബന്ധിച്ചാണ്. അതിനപ്പുറമായി ശിഷ്യത്വത്തെ സംബന്ധിച്ചാണ്. ശിഷ്യത്വത്തിന്റെ പൂർണ്ണതയെ സംബന്ധിച്ചല്ല; മെച്ചമായ ശിഷ്യത്വത്തെ സംബന്ധിച്ചും *(Gospel is not about how perfectly we follow Jesus Christ; rather how best we can follow Christ; our Saviour).*

*(തയ്യാറാക്കിയത് - റവ. ഫിനോ എം. തോമസ്, കടമ്മനിട്ട*